**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

2026 ജൂൺ 30, ചൊവ്വ

## നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**കൃഷി വകുപ്പ് മന്ത്രി**

**ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി**

**കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി**

**ഗതാഗത വകുപ്പ് മന്ത്രി**

**തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി**

**<u>വിദ്യാലയങ്ങളിൽ കായികാഭ്യാസങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി</u>**

***121 ശ്രീമതി രമ്യ ഹരിദാസ്**
**ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീ. റോയി. കെ. പൗലോസ്**
**ശ്രീ. എം. എം. നസീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സ്കൂൾ പാഠ്യപദ്ധതിയിൽ സ്പോർട്സ് പരിശീലനത്തിനും ആയോധന കലകൾ അഭ്യസിപ്പിക്കുന്നതിനും അർഹമായ പ്രാധാന്യം നൽകുമോ; വ്യക്തമാക്കാമോ;

**(ബി)** എല്ലാ വിദ്യാലയങ്ങൾക്കും ആവശ്യമായ തോതിൽ കളിക്കളം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; സ്പോർട്സ്

ഹോസ്റ്റലുകളുടെ ഗുണനിലവാരം ഉയർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

**(സി)** കുട്ടികളുടെ മാനസികവും ശാരീരികവുമായ ആരോഗ്യത്തിനും അവരെ ലഹരി ഉപയോഗം പോലുള്ള ദുർനടപടികളിൽ നിന്ന് അകറ്റി നിർത്തുന്നതിനും സ്കൂളുകളിൽ പ്രത്യേക കായിക പദ്ധതികൾ ആവിഷ്കരിക്കുമോ; വ്യക്തമാക്കാമോ?

## മോട്ടോർ വാഹന വകുപ്പിലെ സേവനങ്ങൾ സുതാര്യവും ജനസൗഹൃദവുമാക്കാൻ നടപടി

***122 ശ്രീ. സജി ചെറിയാൻ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ. ടി. എം. ശശി**
**ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** മോട്ടോർ വാഹന വകുപ്പിലെ സേവനങ്ങൾ കൂടുതൽ സുതാര്യവും ജനസൗഹൃദവുമാക്കാൻ മുൻ സർക്കാർ നടപ്പിലാക്കിയ പ്രധാന ഡിജിറ്റൽവൽക്കരണ പദ്ധതികൾ എന്തെല്ലാമായിരുന്നു എന്ന് വിശദമാക്കാമോ;

**(ബി)** സാരഥി, പരിവാഹൻ തുടങ്ങിയ ഓൺലൈൻ സംവിധാനങ്ങൾ വഴി ആർ.ടി.ഒ. ഓഫീസുകളിൽ നേരിട്ട് പോകാതെ തന്നെ പൊതുജനങ്ങൾക്ക് ലഭ്യമാക്കിയ പ്രധാന സേവനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

**(സി)** ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റിംഗ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ആരംഭിച്ച കമ്പ്യൂട്ടറൈസ്ഡ് ഓട്ടോമേറ്റഡ് ടെസ്റ്റിംഗ് ട്രാക്കുകളുടെ സവിശേഷതകൾ വിശദമാക്കാമോ;

**(ഡി)** മോട്ടോർ വാഹന വകുപ്പിലെ സേവനങ്ങൾ പൂർണ്ണമായും ഓൺലൈനാക്കിയതിലൂടെ ഇടനിലക്കാരുടെ ചൂഷണവും അഴിമതിയും ഇല്ലാതാക്കാൻ എത്രത്തോളം കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## കാർഷിക മേഖലയിൽ വനിതകളുടെ പങ്കാളിത്തം

***123 ശ്രീ. സജീവ് ജോസഫ്**

**ശ്രീ. കെ. ജയന്ത്**

**ശ്രീ. വി. എസ്. ജോയി**

**ശ്രീ. കെ. പി. നൗഷാദ് അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** വനിതകളെ കൃഷിയിലേക്ക് ആകർഷിക്കുന്നതിനും കൃഷിയിലൂടെ കാര്യക്ഷമമായ വരുമാനം അവർക്ക് സാധ്യമാക്കുന്നതിനും പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുമോ; എങ്കിൽ വിശദമാക്കാമോ;

**(ബി)** വനിതാ സംരംഭകർക്ക് കാർഷിക സംരംഭങ്ങൾ ആരംഭിക്കുന്നതിന് എന്തൊക്കെ പിന്തുണയാണ് സർക്കാരിന്റെ ഭാഗത്തു നിന്നും ലഭ്യമാക്കുകയെന്ന് വ്യക്തമാക്കാമോ;

**(സി)** വനിതകൾക്ക് ആധുനിക കൃഷി രീതികൾ പരിചയപ്പെടുത്തുന്നതിന് തദ്ദേശ സ്ഥാപനങ്ങളുമായി ചേർന്ന് പരിശീലന ക്യാമ്പുകൾ സംഘടിപ്പിക്കുമോ; വ്യക്തമാക്കാമോ?

## <u>ഉന്നത വിദ്യാഭ്യാസ മേഖലയുടെ ആധുനികീകരണം</u>

***124** **ശ്രീ. വിനു ജോബ് കുഴിമണ്ണിൽ**

**ശ്രീ. അപ്പു ജോൺ ജോസഫ്**

**ശ്രീ. ഷിബു തെക്കുംപുറം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയെ അതിന്റെ സാമൂഹിക സ്വഭാവവും പ്രാപ്യതയും നിലനിർത്തിക്കൊണ്ട് ആധുനികീകരിക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

**(ബി)** ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ മികവിന്റെയും ഗവേഷണത്തിന്റെയും കേന്ദ്രങ്ങളാക്കുകയെന്ന ലക്ഷ്യത്തോടെ അക്കാദമിക് സ്ഥാപനങ്ങൾക്കും വ്യവസായ ഗവേഷണ സ്ഥാപനങ്ങൾക്കുമിടയിലുള്ള സഹകരണം സാധ്യമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ; ഇതിനായി ഒരു അപ്രന്റിസ്ഷിപ് എക്സ്ചേഞ്ച് പ്ലാറ്റ്ഫോം വികസിപ്പിക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ;

**(സി)** സംസ്ഥാനത്ത് നിന്നുള്ള അക്കാദമിക് പലായനം കുറയ്ക്കുന്നതിനും പ്രഗത്ഭരായ വിദ്യാർത്ഥികളെ കേരളത്തിൽ നിലനിർത്തുന്നതിനും വേണ്ടി വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

**(ഡി)** സംസ്ഥാനത്ത് അന്തർദേശീയ തലത്തിൽ മത്സരക്ഷമതയുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ കരുപ്പിടിപ്പിക്കുന്നതിലൂടെ അക്കാദമിക് ടൂറിസത്തിനുള്ള സാധ്യതകൾ ഉയർത്താനാകുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ?

## പൊതുഗതാഗതം ശക്തിപ്പെടുത്തുന്നതിന് നടപടി

***125** **ശ്രീ. ജ്യോതികുമാർ ചാമക്കാല**
**ശ്രീ. എൻ. ശക്തൻ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** കെ.എസ്.ആർ.ടി.സി.യിലെ പ്രിയദർശിനി സ്ത്രീ സൗജന്യയാത്രാ പദ്ധതി നിലവിൽ എത്ര ബസ്സുകളിലാണ് നടപ്പാക്കിയിട്ടുള്ളത്; സിറ്റി ഫാസ്റ്റ് സർവ്വീസുകൾ കൂടുതലുള്ള റൂട്ടുകളിൽ പ്രസ്തുത പദ്ധതിയുടെ ഗുണം കൂടുതൽ യാത്രക്കാർക്ക് ലഭ്യമാകുന്ന വിധത്തിൽ ഓർഡിനറി സർവ്വീസുകളുടെ എണ്ണം വർധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

**(ബി)** എല്ലാ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റുകളിലും സ്ത്രീകൾക്കും ട്രാൻസ്ജെൻഡർ വ്യക്തികൾക്കും സുരക്ഷിതമായ ടോയ്‌ലറ്റ് സൗകര്യം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ; ഇവർക്ക് സുരക്ഷിതമായ യാത്ര ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

**(സി)** പൊതുഗതാഗതം കൂടുതൽ ഉപഭോക്തൃ സൗഹൃദമാക്കുന്നതിനും കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും ഇ-ടിക്കറ്റിംഗ് സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും യു.പി.ഐ. പേയ്മെന്റ്, മൊബൈൽ ആപ്ലിക്കേഷൻ സേവനങ്ങൾ വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

## ക്ഷീരമേഖലയിലെ സ്വയംപര്യാപ്തത

*126 **ശ്രീ. മുഹമ്മദ് മുഹസിൻ**

**ശ്രീ. ജി. ആർ. അനിൽ**

**ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ**

**ശ്രീ. കെ. രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്ത് പാലുല്പാദനത്തിൽ സ്വയംപര്യാപ്തത നേടുകയെന്ന ലക്ഷ്യത്തോടെ മുൻ സർക്കാർ നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണ്;

**(ബി)** പാലുല്പാദനത്തിൽ സ്വയംപര്യാപ്തത എന്ന ലക്ഷ്യം കൈവരിക്കുന്നതിനടുത്തെത്തുകയും ഉല്പാദനം വില്പനയെ അധികരിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ വഴി ഉല്പന്ന വൈവിധ്യവത്ക്കരണത്തിന് പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ;

**(സി)** കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും യുവതലമുറയെ ക്ഷീരോല്പാദന മേഖലയിലേക്ക് ആകർഷിക്കുന്നതിനും വേണ്ടി മുൻ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

**(ഡി)** ഉൽപാദനക്ഷമതയും മെച്ചപ്പെട്ട പ്രതിരോധശേഷിയുമുള്ള കന്നുകാലി സമ്പത്ത് നിലനിർത്തുന്നതിന് നടപ്പിലാക്കി വന്ന പ്രവർത്തനങ്ങൾ തുടരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

## <u>സിലബസ് പരിഷ്കരണത്തിനും തൊഴിൽ സാധ്യതകൾ ഉയർത്തുന്നതിനും നടപടി</u>

*127 **ശ്രീ. മനോജ് മൂത്തേടൻ**

**ശ്രീ. വി. ടി. ബൽറാം**

**ശ്രീ. ടോണി ചമ്മണി**

**ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സർവകലാശാലകളിലെ പാഠ്യപദ്ധതി കാലാനുസൃതമായി പരിഷ്കരിക്കപ്പെട്ടതാണോ; പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിന്

ആലോചിക്കുന്നുണ്ടോ;

**(ബി)** നാലുവർഷ ബിരുദ കോഴ്സുകളുടെ പുതിയ പാഠ്യപദ്ധതിയിൽ എന്തെങ്കിലും മാറ്റങ്ങൾ കൊണ്ടുവരാൻ ആലോചിക്കുന്നുണ്ടോ;

**(സി)** പുതിയ തൊഴിൽ സാധ്യതകൾ കണ്ടെത്തുന്നതിനും കരസ്ഥമാക്കുന്നതിനും സാധിക്കുന്ന വിധത്തിൽ കരിക്കുലത്തോടൊപ്പം നൈപുണ്യവികസനത്തിന് പദ്ധതികൾ ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**കാർഷിക വിളകളുടെ തറവില പുതുക്കുന്നതിനും സംഭരണം ശക്തമാക്കുന്നതിനും നടപടി**

***128 ശ്രീ. കെ. പ്രവീൺ കുമാർ**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീമതി ഉഷ വിജയൻ**
**ശ്രീ. കെ. എം. അഭിജിത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** നെല്ല്, തേങ്ങ, റബ്ബർ തുടങ്ങിയ കാർഷികോത്പന്നങ്ങളുടെ തറവില പുതുക്കി നിശ്ചയിക്കുന്നതിനും ന്യായവില ഉറപ്പാക്കി സമയബന്ധിതമായി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

**(ബി)** മലയോരമേഖലയിലെയും വന്യജീവി ആക്രമണം നേരിടുന്ന മേഖലയിലെയും കർഷകരുടെ ആശങ്കകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ;

**(സി)** കാർഷികോത്പന്നങ്ങളുടെ സംഭരണം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ; സംഭരണ സംവിധാനങ്ങൾ ആധുനികവൽക്കരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**കാർഷിക ഉല്പന്നങ്ങൾക്ക് മികച്ച വിപണി കണ്ടെത്തുന്നതിനുള്ള മാർഗ്ഗങ്ങൾ**

***129 ശ്രീ. കെ. യു. ജനീഷ് കുമാർ**
**ശ്രീ. കെ. വി. സുമേഷ്**
**ശ്രീ. എ. പ്രഭാകരൻ**

**ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** കാർഷിക ഉല്പന്നങ്ങൾക്ക് മികച്ച വിപണി കണ്ടെത്തുന്നതിനും മൂല്യവർദ്ധനവിനുമായി മുൻ സർക്കാർ രൂപീകരിച്ച കേരള അഗ്രോ ബിസിനസ്സ് കമ്പനിയുടെ (കാബ്കോ) പ്രധാന ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

**(ബി)** കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി കാബ്കോയുടെ നേതൃത്വത്തിൽ തിരുവനന്തപുരം ആനയറയിൽ നിർമ്മാണം ആരംഭിച്ച എക്സ്പോ സെന്റർ ആൻഡ് അഗ്രി പാർക്കിന്റെ സവിശേഷതകൾ വിശദമാക്കാമോ;

**(സി)** കാർഷിക ഉല്പന്നങ്ങൾ വിപണിയിലെത്തിക്കാൻ മുൻ സർക്കാർ ആവിഷ്കരിച്ച കേരളഗ്രോ എന്ന ഏകീകൃത ബ്രാൻഡിന് കീഴിൽ എത്ര കർഷകരുടെ ഉല്പന്നങ്ങൾക്ക് നാളിതുവരെ പ്രസ്തുത ബ്രാൻഡിംഗ് നൽകാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ;

**(ഡി)** ആമസോൺ, ഫ്ലിപ്കാർട്ട് തുടങ്ങിയ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വഴി കർഷകർക്ക് നേരിട്ട് തങ്ങളുടെ ഉല്പന്നങ്ങൾ വിൽക്കാൻ കേരളഗ്രോ എന്ന ഏകീകൃത ബ്രാൻഡിംഗ് സഹായകമായിട്ടുണ്ടോ; വ്യക്തമാക്കാമോ?

**<u>മ്യൂസിയങ്ങളുടെ പരിഷ്കരണവും ചരിത്രരേഖകളുടെ ഡിജിറ്റൈസേഷനും</u>**

***130 ശ്രീ. സുധീർഷാ പാലോട്**
**ശ്രീ. ആര്യാടൻ ഷൗക്കത്ത്**
**ശ്രീ. എം. ആർ. ബൈജു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** മ്യൂസിയങ്ങളെ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും എ.ഐ. സാങ്കേതിക വിദ്യ ഉപയോഗിച്ച് കൂടുതൽ ഇന്ററാക്ടീവ് ആക്കുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുമോ; വ്യക്തമാക്കാമോ;

**(ബി)** ആർകൈവ് ചരിത്ര രേഖകളുടെ സമ്പൂർണ ഡിജിറ്റൈസേഷനും ഗവേഷകർക്ക് സഹായകമാകുന്ന വിധത്തിൽ ഓൺലൈൻ റഫറൻസ്

സൗകര്യത്തിനും നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

**(സി)** കേരളത്തിലെ ഗോത്ര ഭാഷകളുടെ സവിശേഷതകളും, മലയാളഭാഷയുടെയും ലിപിയുടെയും വികാസപരിണാമങ്ങളും വരും തലമുറയ്ക്കും ലോക സഞ്ചാരികൾക്കും ഭാഷാകുതുകികൾക്കും മനസ്സിലാക്കാൻ സഹായിക്കുന്ന ഒരു ഭാഷാ ചരിത്ര മ്യൂസിയം ആരംഭിക്കുന്നതിന്റെ സാധ്യതകൾ പരിശോധിക്കുമോ; വ്യക്തമാക്കാമോ?

## എം.വി.ഡി. സേവാ കേന്ദ്രങ്ങൾ

***131 ശ്രീ. വി. എസ്. ജോയി**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. കെ. ജയന്ത്**
**ശ്രീ. കെ. പി. നൗഷാദ് അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** പാസ്പോർട്ട് സേവാ കേന്ദ്രങ്ങളുടെ മാതൃകയിൽ മോട്ടോർ വാഹന വകുപ്പിൽ എം.വി.ഡി. സേവാ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

**(ബി)** എം.വി.ഡി. സേവാ കേന്ദ്രങ്ങൾ വഴി ലഭ്യമാക്കുന്ന സേവനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

**(സി)** മോട്ടോർ വാഹന വകുപ്പിലെ സേവനങ്ങളെല്ലാം ഓൺലൈൻ മുഖേന ലഭ്യമാണെങ്കിലും അപേക്ഷ നൽകുന്നതിലുൾപ്പെടെയുള്ള സങ്കീർണതകൾ ഇടനിലക്കാർ മുതലെടുക്കുന്നു എന്ന പരാതികൾ പരിഹരിക്കാൻ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കും എന്നറിയിക്കുമോ?

## സർവകലാശാലകളുടെ ഭരണനിർവ്വഹണം ഏകോപിപ്പിക്കുന്നതിന് സമിതി

***132 ശ്രീ. പഴകുളം മധു**
**ശ്രീമതി ഉമ തോമസ്**
**ശ്രീ. സെബാസ്റ്റ്യൻ. എം. ജെ**
**ശ്രീ. എ. ഡി. തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** കേരളത്തിലെ സർവകലാശാലകളുടെ ഭരണനിർവ്വഹണം ഏകോപിപ്പിക്കുന്നതിന് ഒരു പരമോന്നത സമിതി രൂപീകരിക്കുവാൻ ആലോചിക്കുന്നുണ്ടോ; എന്താണ് പ്രസ്തുത സമിതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്ന് വ്യക്തമാക്കാമോ;

**(ബി)** ഏകീകൃതമായ യു.ജി.സി. മാനദണ്ഡങ്ങൾ പിന്തുടരുമ്പോഴും പരീക്ഷാനടത്തിപ്പ്, മൂല്യനിർണയം, പ്രവേശനം, കോഴ്സുകളുടെ എലിജിബിലിറ്റി, തുല്യത തുടങ്ങിയ വിവിധ വിഷയങ്ങളിൽ കേരളത്തിലെ സർവകലാശാലകൾ തമ്മിൽ വ്യത്യാസമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുമൂലം വിദ്യാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി നടപടികൾ സ്വീകരിക്കുമോ;

**(സി)** സംസ്ഥാനത്ത് യു.ജി.സി. അംഗീകാരമില്ലാത്ത കോഴ്സുകളോ സ്ഥാപനങ്ങളോ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>കെ.എസ്.ആർ.ടി.സി. യുടെ പുനരുദ്ധാരണപ്രവർത്തനങ്ങൾ</u>**

***133 ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ**
**ശ്രീ. കെ. രാജൻ**
**ശ്രീ. ജി. ആർ. അനിൽ**
**ശ്രീ. മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** കെ.എസ്.ആർ.ടി.സി.യിൽ ശമ്പളവും പെൻഷനും മുടങ്ങാതിരിക്കാൻ മുൻ സർക്കാർ സ്വീകരിച്ചിരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

**(ബി)** കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനനഷ്ടം കുറയ്ക്കുന്നതിന് മുൻ സർക്കാർ നടത്തിവന്ന ഇടപെടലുകൾ തുടരുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശം വ്യക്തമാക്കാമോ;

**(സി)** കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കി വരുന്ന സാങ്കേതികവിദ്യാധിഷ്ഠിതമായതുൾപ്പെടെയുള്ള നവീകരണങ്ങളെക്കുറിച്ച് അറിയിക്കാമോ;

**(ഡി)** കെ.എസ്.ആർ.ടി.സി.യുടെ ഉപയോഗക്ഷമമല്ലാത്ത ബസുകൾ കോർപ്പറേഷന് മുതൽക്കൂട്ടാകുന്ന രീതിയിൽ ഗതാഗതേതര ആവശ്യങ്ങൾക്കായി പുനരുപയോഗിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

**<u>കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങളും ക്ഷേമപദ്ധതികളും</u>**

***134 ശ്രീ. തോമസ് ഉണ്ണിയാടൻ**
**ശ്രീ. വർഗ്ഗീസ് മാമ്മൻ**
**ശ്രീ. റെജി ചെറിയാൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം വിശദമാക്കാമോ;

**(ബി)** 2021ൽ പ്രവർത്തനമാരംഭിച്ച ക്ഷേമനിധി ബോർഡിലേക്ക് ക്ഷേമനിധി വിഹിതമായി കർഷകർ അടച്ച തുകയ്ക്ക് തുല്യമായി സർക്കാർ വിഹിതമായി മുൻ സർക്കാർ എത്ര തുകയാണ് നൽകിയതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഇനത്തിൽ നിലവിൽ കുടിശ്ശികയുണ്ടോ; വ്യക്തമാക്കാമോ;

**(സി)** ബോർഡിൽ നിന്നുള്ള പെൻഷൻ, ചികിത്സയ്ക്കും വിവാഹത്തിനും വിദ്യാഭ്യാസത്തിനുമുള്ള സഹായങ്ങൾ, മരണാനന്തര സഹായങ്ങൾ തുടങ്ങിയവ എന്നുമുതലാണ് വിതരണം ചെയ്തു തുടങ്ങേണ്ടത്; ഇതിനായി പ്രതിമാസം എത്ര തുക ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

**(ഡി)** കർഷക ക്ഷേമവും ഉന്നമനവും ലക്ഷ്യമിട്ട് കൂടുതൽ കർഷകരെ ക്ഷേമനിധിയിൽ അംഗങ്ങളാക്കുന്നതിനും അംഗങ്ങളായ കർഷകർ അടച്ച തുകയ്ക്ക് തുല്യമായ സർക്കാർ വിഹിതത്തിലെ കുടിശിക തീർത്തും ബോർഡിന്റെ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>ജവഹർലാൽ നെഹ്റു സയന്റിഫിക് സെന്ററുകൾ</u>**

***135 ശ്രീ. കെ. ബിനിമോൻ**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. ദീപക് ജോയ്**

**ശ്രീ. എഫ്. രാജ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** വിദ്യാർത്ഥികളിലെ ശാസ്ത്രാവബോധം വളർത്തുന്നതിന് ജവഹർലാൽ നെഹ്റു സയന്റിഫിക് സെന്ററുകൾ ആരംഭിക്കാൻ പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ എത്ര സെന്ററുകൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; അവയുടെ ചട്ടക്കൂടും പ്രവർത്തനങ്ങളും വിശദമാക്കാമോ;

**(ബി)** ജവഹർലാൽ നെഹ്റു സയന്റിഫിക് സെന്ററുകളിൽ ഗവേഷണ പദ്ധതികൾ നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കാമോ; എന്തെല്ലാം അക്കാദമിക പ്രവർത്തനങ്ങളാണ് പ്രസ്തുത സെന്ററുകളുടെ ആഭിമുഖ്യത്തിൽ നടത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

**(സി)** ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനായി മികവിന്റെ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## <u>നെൽകൃഷി സംരക്ഷണം</u>

***136 ശ്രീ. കെ. പ്രേമൻ**
**ശ്രീ. പി. എ. മുഹമ്മദ് റിയാസ്**
**ശ്രീ. കെ. കെ. രാമചന്ദ്രൻ**
**ശ്രീമതി ഒ. എസ്. അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** മുൻ സർക്കാരിന്റെ കാലത്ത് നെൽവയലുകൾ സംരക്ഷിക്കുന്നതിനും തരിശുഭൂമിയിൽ കൃഷി ഇറക്കുന്നതിനുമായി ആവിഷ്ക്കരിച്ച തരിശുരഹിത ഗ്രാമം പദ്ധതിയിലൂടെ എത്ര ഹെക്ടർ തരിശുഭൂമി കൃഷിയോഗ്യമാക്കി മാറ്റാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

**(ബി)** നെൽകൃഷി നിലനിർത്തുന്ന കർഷകർക്ക് പ്രോത്സാഹനമായി ഇന്ത്യയിലാദ്യമായി ഹെക്ടറിന് മൂവായിരം രൂപ നിരക്കിൽ റോയൽറ്റി നൽകുന്ന പദ്ധതി നടപ്പിലാക്കിയത് കർഷകർക്ക് എത്രത്തോളം സാമ്പത്തിക സുരക്ഷ നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

**(സി)** കേന്ദ്ര സർക്കാരിന്റെ നെല്ല് സംഭരണ വില കിലോഗ്രാമിന് 18 രൂപ ആയിരുന്നപ്പോൾ സംസ്ഥാന സർക്കാർ അത് 28 രൂപയായും പിന്നീട് വർദ്ധിപ്പിച്ചും നൽകിയത് കർഷകരുടെ വരുമാനത്തിൽ എന്ത് മാറ്റമാണ് ഉണ്ടാക്കിയത് വ്യക്തമാക്കാമോ;

**(ഡി)** ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചതും ജി.പി.എസ്. സംവിധാനം വഴി നെൽവയലുകൾ നിരീക്ഷിക്കാൻ സംവിധാനമൊരുക്കിയതും കാർഷിക ഭരണനിർവ്വഹണത്തിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## <u>കാർഷികമേഖല ആധുനികവത്കരിക്കുന്നതിനുള്ള നടപടികൾ</u>

***137 ശ്രീമതി വിദ്യാ ബാലകൃഷ്ണൻ**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. വി. ടി. സൂരജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** കാർഷികോല്പാദനം കാര്യക്ഷമമാക്കുന്നതിനും കൃഷി ചെലവ് കുറയ്ക്കുന്നതിനും യന്ത്രവത്കരണം പ്രോത്സാഹിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

**(ബി)** കൃഷിയുടെ വൈവിധ്യവത്കരണത്തിനും ആധുനിക കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും എന്തെല്ലാം പദ്ധതികളും ആനുകൂല്യങ്ങളുമാണ് സർക്കാർ ലഭ്യമാക്കുന്നതെന്ന് വിശദമാക്കാമോ;

**(സി)** കാർഷികോല്പന്നങ്ങളുടെയും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെയും ലാഭകരമായ വിപണനത്തിനും ബ്രാൻഡിങ്ങിനും പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## <u>ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താൻ നടപടി</u>

***138 ഡോ. ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. നാട്ടകം സുരേഷ്**
**ശ്രീ. സിറിയക് തോമസ്**

**ശ്രീ. റോണി. കെ. ബേബി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ;

**(ബി)** വിദേശ സർവകലാശാലകളുടെ മാതൃകയിൽ സ്റ്റുഡന്റ്സ് എക്സ്ചേഞ്ച് പ്രോഗ്രാമുകൾ ആവിഷ്കരിക്കുമോ; എന്തെല്ലാം നടപടികളാണ് അതിന് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

**(സി)** വിദേശ സർവകലാശാലകൾ നടപ്പിലാക്കുന്ന ഫെല്ലോഷിപ്പോടുകൂടിയ ഡോക്ടറൽ, പോസ്റ്റ് ഡോക്ടറൽ ബിരുദങ്ങളുടെ മാതൃകയിൽ ഫെല്ലോഷിപ്പ് ഏർപ്പെടുത്തിക്കൊണ്ട് അന്തർദേശീയ തലത്തിൽ പ്രോഗ്രാമുകൾ വിഭാവനം ചെയ്യുമോയെന്ന് വ്യക്തമാക്കാമോ?

## <u>ജലഗതാഗതത്തിന്റെ സമഗ്രവികസനത്തിന് നടപടി</u>

***139 ശ്രീ. എം. എം. നസീർ**
**ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീ. റോയി. കെ. പൗലോസ്**
**ശ്രീമതി രമ്യ ഹരിദാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** റോഡ് മാർഗ്ഗമുള്ള ചരക്കുനീക്കം കുറച്ച്, ജലപാതകൾ മുഖേനയുള്ള ചരക്കുനീക്കം വർദ്ധിപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

**(ബി)** ഉൾനാടൻ ജലപാതകളുടെയും ജലഗതാഗതത്തിന്റെയും വികസനത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

**(സി)** കൊച്ചി വാട്ടർ മെട്രോയുടെ മാതൃകയിൽ സംസ്ഥാനത്തിന്റെ മറ്റു ജലപാതകളിൽ ജലഗതാഗത സൗകര്യം ഏർപ്പെടുത്തുമോ; വിശദമാക്കാമോ?

## <u>തോട്ടങ്ങളിൽ ഫലവൃക്ഷ കൃഷി</u>

***140 ശ്രീ. മുഹമ്മദ് ഷിയാസ്**
**ശ്രീ. വി. ടി. ബൽറാം**

**ശ്രീ. മനോജ് മൂത്തേടൻ**

**ശ്രീ. ടോണി ചമ്മണി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** തോട്ടങ്ങളുടെ അടിസ്ഥാന സ്വഭാവം നിലനിർത്തിക്കൊണ്ട് ഫലവൃക്ഷ കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കുമോ;

**(ബി)** തോട്ടവിളകൾക്കൊപ്പം ഫലവൃക്ഷ കൃഷിയും വ്യാപകമാക്കി പുതിയ സാധ്യതകൾ പ്രയോജനപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ;

**(സി)** ഫലവൃക്ഷ കൃഷി വ്യാപകമാകുന്നതോടെ കർഷകർക്കും തോട്ടം ഉടമകൾക്കും പുറമെ ഭക്ഷ്യസംസ്കരണ, വിപണന, കാർഷിക സംരംഭക മേഖലകൾക്കും പ്രയോജനം ലഭ്യമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

**<u>ജലഗതാഗതം ആധുനികവും ലാഭകരവുമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ</u>**

***141 ശ്രീ. ടി. എം. ശശി**

**ശ്രീ. എ. സി. മൊയ്തീൻ**

**ശ്രീ. കാരായി രാജൻ**

**ശ്രീ. എം. എസ്. അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** ജലഗതാഗത വകുപ്പിനെ കൂടുതൽ ആധുനികവും ലാഭകരവുമാക്കുന്നതിനായി മുൻ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ പ്രധാന പദ്ധതികൾ എന്തെല്ലാമായിരുന്നു എന്ന് വിശദമാക്കാമോ;

**(ബി)** ഇന്ത്യയിലെ ആദ്യത്തെ സൗരോർജ്ജ യാത്രാ ബോട്ട് സർവീസ് (ആദിത്യ) വിജയകരമായി നടപ്പിലാക്കിയതിലൂടെ കേരളത്തിന് ലഭിച്ച അന്തർദേശീയ അംഗീകാരങ്ങളും ഇത് പരിസ്ഥിതിക്ക് നൽകിയ ഗുണങ്ങളും വ്യക്തമാക്കാമോ;

**(സി)** ഉൾനാടൻ ജലഗതാഗതം വിപുലീകരിക്കുന്നതിന്റെ ഭാഗമായി പൊതുജനങ്ങൾക്കും വിനോദസഞ്ചാരികൾക്കുമായി ആരംഭിച്ച വാട്ടർ

ടാക്സി, സീ റസ്ക്യൂ ബോട്ടുകൾ എന്നിവയുടെ പ്രവർത്തന മികവ് വിശദമാക്കാമോ;

**(ഡി)** റോഡുകളിലെ ഗതാഗതക്കുരുക്ക് കുറയ്ക്കുന്നതിനായി കൂടുതൽ യാത്രക്കാരെ ജലഗതാഗത സംവിധാനങ്ങളിലേക്ക് ആകർഷിക്കാൻ സ്വീകരിച്ച അടിസ്ഥാന സൗകര്യ വികസനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

## <u>പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത</u>

***142** **ശ്രീ. വിഷ്ണു മോഹൻ**
**ശ്രീ. ഉല്ലാസ് കോവൂർ**
**ശ്രീ. വി. കുഞ്ഞികൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** ഇതര സംസ്ഥാനങ്ങളിൽ നിന്നും പ്രതിദിനം എത്തുന്ന പച്ചക്കറിയുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

**(ബി)** ഇപ്രകാരം എത്തുന്ന പച്ചക്കറികളിൽ അമിതമായ അളവിൽ കീടനാശിനിയുടെ സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

**(സി)** പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

## <u>കർഷക ക്ഷേമ പ്രവർത്തനങ്ങൾ</u>

***143** **ശ്രീ. പി. പ്രസാദ്**
**ശ്രീമതി ഗീതാ ഗോപി**
**ശ്രീ. കെ. കെ. വത്സരാജ്**
**ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്ത് കാർഷികോത്പാദനം വർദ്ധിപ്പിക്കുന്നതിന് മുൻ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ

വിശദമാക്കുമോ;

**(ബി)** പ്രതികൂല സാഹചര്യത്തിലും സംസ്ഥാനത്തെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും അവർക്ക് സമൂഹത്തിൽ നന്നായി ജീവിക്കുന്നതിനും ഉതകുന്ന പദ്ധതികളിലൂടെ മുൻ സർക്കാർ നടപ്പാക്കിയ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

**(സി)** പ്രകൃതി ദുരന്തങ്ങൾ മൂലം പ്രതിസന്ധിയിലാകുന്ന കർഷകർക്ക് കൈത്താങ്ങായ വിള ഇൻഷ്വറൻസ് പോലുള്ള പദ്ധതികൾ തുടരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

**(ഡി)** ഉല്പന്നങ്ങൾക്ക് അടിസ്ഥാന വില നിശ്ചയിക്കുന്നതിനും അവയുടെ സംഭരണത്തിനും ഏർപ്പെടുത്തിയിരുന്ന ക്രമീകരണങ്ങൾ വിശദമാക്കുമോ?

**<u>ക്ഷീരമേഖലയുടെ സമഗ്രവികസനത്തിന് നടപടികൾ</u>**

***144 ശ്രീ. നാട്ടകം സുരേഷ്**
**ഡോ. ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. സിറിയക് തോമസ്**
**ശ്രീ. റോണി. കെ. ബേബി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** ക്ഷീരമേഖലയുടെ സമഗ്രവികസനത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

**(ബി)** ക്ഷീരകർഷകർക്ക് അർഹമായ പ്രതിഫലം ഉറപ്പാക്കുന്നതിനും കൃഷിചെലവ് കുറയ്ക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

**(സി)** ക്ഷീരോല്പാദനത്തിൽ സംസ്ഥാനം സമ്പൂർണമായി സ്വയംപര്യാപ്തത കൈവരിക്കുന്നതിന് പ്രത്യേക പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

**<u>മെൻസ്ട്രൽ ഡിഗ്നിറ്റി പദ്ധതി</u>**

***145 ശ്രീ. എ. ഡി. തോമസ്**

**ശ്രീമതി ഉമ തോമസ്**

**ശ്രീ. സെബാസ്റ്റ്യൻ. എം. ജെ**

**ശ്രീ. പഴകുളം മധു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** ആർത്തവത്തെ സംബന്ധിച്ചുള്ള പൊതുബോധം ശാസ്ത്രീയമായി പരിഷ്കരിക്കുന്നതിന് മെൻസ്ട്രൽ ഡിഗ്നിറ്റി പദ്ധതിയുടെ ഭാഗമായി എന്തെല്ലാം നടപടിയാണ് കൈക്കൊള്ളുന്നതെന്ന് വിശദമാക്കാമോ;

**(ബി)** വിദ്യാർത്ഥികൾക്ക് സർക്കാർ പ്രഖ്യാപിച്ച ആർത്തവാവധി വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടെ എല്ലാ സർക്കാർ-എയ്ഡഡ് - അൺഎയ്ഡഡ് സ്കൂളുകളിലും ലഭ്യമാക്കുമോ;

**(സി)** പെൺകുട്ടികളുടെ ശാരീരികവും മാനസികവുമായ ആരോഗ്യത്തിനും വൈകാരികമായ പിന്തുണയ്ക്കും വേണ്ട സാഹചര്യങ്ങൾ ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

## <u>റോഡപകടങ്ങൾ കുറയ്ക്കാൻ നടപടി</u>

***146** **ശ്രീ. സി. കെ. ഹരീന്ദ്രൻ**

**ശ്രീ. വി. കെ. സനോജ്**

**ശ്രീ. ജി. സ്റ്റീഫൻ**

**ശ്രീ. പി. പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** റോഡപകടങ്ങൾ കുറയ്ക്കുന്നതിനും സുഗമമായ ഗതാഗതം ഉറപ്പാക്കുന്നതിനുമായി മോട്ടോർ വാഹന വകുപ്പ് നടപ്പിലാക്കിയ സേഫ് കേരള പദ്ധതിയുടെ പ്രധാന നേട്ടങ്ങൾ വിശദമാക്കാമോ;

**(ബി)** റോഡുകളിൽ നിർമ്മിത ബുദ്ധി (എ.ഐ.) ക്യാമറകൾ സ്ഥാപിച്ചതിനുശേഷം വാഹനാപകടങ്ങളുടെയും മരണങ്ങളുടെയും എണ്ണത്തിൽ എത്രത്തോളം കുറവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

**(സി)** ശാസ്ത്രീയമായ വാഹന പരിശോധനകൾക്കായി മോട്ടോർ വാഹന വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗത്തിന് ലഭ്യമാക്കിയ ആധുനിക

സൗകര്യങ്ങളും ഇന്റർസെപ്റ്റർ വാഹനങ്ങളുടെ വിവരങ്ങളും വിശദമാക്കാമോ;

**(ഡി)** സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്കിടയിൽ ട്രാഫിക് നിയമങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി മുൻ സർക്കാർ നടപ്പിലാക്കിയ ബോധവൽക്കരണ പരിപാടികൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ?

## <u>കാർഷിക മേഖലയിലെ വനിതാ പങ്കാളിത്തം</u>

***147 ശ്രീ. റെജി ചെറിയാൻ**
**ശ്രീ. തോമസ് ഉണ്ണിയാടൻ**
**ശ്രീ. വർഗ്ഗീസ് മാമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** വനിതകൾക്കിടയിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കാർഷിക മേഖലയിൽ വനിതാ പങ്കാളിത്തം വർധിപ്പിക്കുന്നതിനും സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ;

**(ബി)** വനിതകളുടെയും വനിതാ കൂട്ടായ്മകളുടെയും കാർഷിക മേഖലയിലെ പങ്കാളിത്തത്തെ പിന്തുണയ്ക്കുന്നതിനായി വനിതാ കർഷക കൺസോർഷ്യം ആരംഭിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ;

**(സി)** സ്ത്രീകൾക്കും സ്ത്രീകൂട്ടായ്മകൾക്കും മികച്ച ഇടപെടലും വരുമാനവും സാധ്യമാകുന്ന കാർഷിക മേഖലകൾ ഏതൊക്കെയെന്ന് കണ്ടെത്തിയിട്ടുണ്ടോ; പഴം, പച്ചക്കറി, തേനീച്ച കൃഷി എന്നിവയ്ക്ക് പ്രത്യേക ഊന്നൽ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

**(ഡി)** ഉല്പാദനം, സംസ്കരണം, വിപണനം എന്നിവയുൾപ്പെടെയുള്ള കാർഷികവൃത്തിയുടെ സമഗ്ര മേഖലകളിലും സ്ത്രീ സംരംഭകത്വം പ്രോത്സാഹിപ്പിക്കാനും അവർക്ക് സാമ്പത്തിക പിന്തുണ ഉറപ്പാക്കാനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>ക്ഷീരമേഖല നവീകരിക്കാൻ പദ്ധതി</u>

***148 ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീ. റോയി. കെ. പൗലോസ്**
**ശ്രീ. എം. എം. നസീർ**

**ശ്രീമതി രമ്യ ഹരിദാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്ത് പ്രാദേശികമായി വിവിധ കർഷകർ ഉൽപാദിപ്പിക്കുന്ന പാലുൽപന്നങ്ങൾക്ക് കേന്ദ്രീകൃത രീതിയിലുള്ള വിപണന സൗകര്യം ഒരുക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

**(ബി)** തരിശിടങ്ങളിൽ തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കാനും അതിൽ നിന്നും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കാനും നടപടി സ്വീകരിക്കുമോ;

**(സി)** ഇതര സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന കന്നുകാലികളെ ചെക്ക് പോസ്റ്റുകളിൽ പരിശോധിച്ച് അസുഖമുള്ളവയെ തിരിച്ചയക്കാൻ നടപടി ഉണ്ടാകുമോ; വിശദമാക്കുമോ?

## <u>രാസവള വില വർദ്ധനവ്</u>

***149** **ശ്രീ. നീലകണ്ഠൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** കേന്ദ്ര സർക്കാർ രാസവളത്തിന്റെ വില വർദ്ധിപ്പിച്ചതുമൂലം സംസ്ഥാനത്തെ കൃഷിക്കാർ ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**(ബി)** പ്രസ്തുത പ്രതിസന്ധിയിൽ നിന്നും കർഷകരെ സഹായിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കാമോ?

## <u>പൈക്ക അഴിമതി</u>

***150** **ശ്രീ. കെ. പി. നൗഷാദ് അലി**

**ശ്രീ. സജീവ് ജോസഫ്**

**ശ്രീ. കെ. ജയന്ത്**

**ശ്രീ. വി. എസ്. ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** മുൻ സർക്കാരിന്റെ കാലത്ത് കായിക വികസനത്തിനുള്ള കേന്ദ്ര പദ്ധതിയായ പൈക്ക (പഞ്ചായത്ത് യുവ ക്രീഡാ ഔർ ഖേൽ അഭിയാൻ)വഴി കേരളത്തിന് അനുവദിച്ച തുകയിൽ പന്ത്രണ്ട് കോടി രൂപ കാണാതായ സംഭവത്തെക്കുറിച്ച് അന്വേഷിക്കുമോ; വ്യക്തമാക്കാമോ;

**(ബി)** പ്രസ്തുത തുക കാണാതായ പരാതിയെക്കുറിച്ച് കായിക വകുപ്പ് സ്പോർട്സ് കൗൺസിലിനോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നോ; വ്യക്തമാക്കാമോ;

**(സി)** പ്രസ്തുത അന്വേഷണത്തിന് സ്പോർട്സ് കൗൺസിലിൽ നിന്നും മറുപടി ലഭ്യമാകാതിരുന്നിട്ടും മുൻ സർക്കാർ ഇടപെട്ടില്ലെന്ന ആക്ഷേപം പരിശോധിക്കുമോ; വിശദമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2026 ജൂൺ 21, ഞായർ

**ഷാജി സി ബേബി**
സെക്രട്ടറി ഇൻചാർജ്

---

പ്രത്യേക ശ്രദ്ധയ്ക്ക്:

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].